ഫലപ്രദവും പാർശ്വഫലരഹിതവും മാനസിക-ബൗദ്ധിക-സൂക്ഷ്മ തലങ്ങളിൽ വരെ പ്രവർത്തിക്കാൻ കഴിയുന്നതുമായ ഹോമിയോപ്പതി മരുന്നുകളുടെ ചികിത്സ, വിദഗ്ധ കൗൺസിലിംഗ്, വിദ്യാഭ്യാസ കാര്യങ്ങളിൽ വൈദഗ്ധ്യം നേടിയ സവിശേഷ അദ്ധ്യാപകരുടെ സേവനം തുടങ്ങിയവയെ സമന്വയിപ്പിച്ചുകൊണ്ട് കൗമാരക്കാരുടെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യപ്പെടുന്നത്. ഇതിനായി ഡോക്ടർ, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, സവിശേഷ വിദ്യാഭ്യാസ അദ്ധ്യാപകർ (സ്പെഷ്യൽ എഡ്യൂക്കേഷൻ ബി. എഡ്. ടീച്ചർ) എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

(സി) ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ഡിസ്പെൻസറികളിലും ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്.

സീതാലയം പദ്ധതി

101 (4904) ശ്രീ. പാലോട് രവി :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീതാലയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതി എത്ര ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(സി) സീതാലയം പദ്ധതി എല്ലാ ഹോമിയോ ഡിസ്പെൻസറികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്ത്രീകളുടെ ശാരീരികവും മാനസ്സികവുമായ രോഗാവസ്ഥകൾക്കും ബുദ്ധിമുട്ടുകൾക്കും ചികിത്സയും "കൗൺസിലിങ്ങും" നൽകുക എന്നതാണ് സീതാലയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) സീതാലയം പദ്ധതി മലപ്പുറം വണ്ടൂരിലുള്ള ക്യാൻസർ & പാലിയേറ്റീവ് കെയർ സെന്ററിലൊഴികെ എല്ലാ ഹോമിയോ ആശുപത്രികളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) സീതാലയം പദ്ധതിയുടെ സേവനം ഇപ്പോൾ എല്ലാ ഹോമിയോ ഡിസ്പെൻസറികളിലും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly